# 21.08.2020- ൽ ബഹുമാനപ്പെട്ട ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

29.06.2020-ൽ കൂടിയ മീറ്റിംഗിലെ തീരുമാനങ്ങളിൻമേലുള്ള പ്രവർത്തന പുരോഗതി ട്രെയിനിംഗ് ഡയറക്ടർ അവലോകനം ചെയ്തു. കേന്ദ്ര സർക്കാർ നൽകുന്ന കൗശലാചാര്യ അവാർഡിനായി അപേക്ഷ ക്ഷണിച്ചപ്പോൾ എഞ്ചിനീയറിംഗ് ട്രേഡുകളിൽ നിന്നും 24 ഇൻസ്ട്രക്ടർമാരുടേയും നോൺ എഞ്ചിനീയറിംഗ് ട്രേഡുകളിൽ നിന്നും 2 ഇൻസ്ട്രക്ടർമാരുടേയും നോമിനേഷൻ മാത്രമാണ് ലഭിച്ചത്. ആയത് തൃപ്തികരമല്ലായെന്ന് ട്രെയിനിംഗ് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി. അടുത്ത വർഷം ഈ വിഷയത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ പരമാവധി ഇൻസ്ട്രക്ടർമാർ പങ്കെടുക്കുന്നതിന് പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു. ഈ വർഷം ബെസ്റ്റ് പ്രിൻസിപ്പാൾ, ബെസ്റ്റ് ഇൻസ്ട്രക്ടർ അവാർഡ് നൽകുന്നതിന് പരിഗണിക്കുന്നതിനായി സെലക്ഷൻ നടത്തുന്നതിന് കമ്മറ്റി രൂപീകരിക്കാൻ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതായി ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു.

മികച്ച ഐ.ടി.ഐകളെ തെരഞ്ഞെടുക്കുമ്പോൾ സംസ്ഥാനത്തു നിന്നും 25 ഐ.ടി.ഐ കളെങ്കിലും ആദ്യ നൂറിൽ വരണമെന്ന് ട്രെയിനിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു. പ്ലാൻ ഫണ്ട് യൂട്ടിലൈസേഷൻ സംബന്ധിച്ച് അഭിപ്രായങ്ങളുണ്ടെങ്കിൽ പ്രിൻസിപ്പാൾമാർക്ക് അറിയിക്കാമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ട്രെയിനികൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് ഇൻസ്ട്രക്ടർമാർ ശ്രദ്ധിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. Dual System of Training എത്രയും വേഗം നടപ്പിലാക്കണമെന്നും ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ട്രെയിനികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പൂർണ്ണമായും നികത്തുന്നതിന് പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ് എന്നും ആയതിലേക്ക റീജിയണൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ മേൽനോട്ടം വഹിക്കണമെന്നും ആമുഖമായി ട്രെയിനിംഗ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

1. ട്രെയിനിംഗ് ആന്റ് അസസ്മെന്റ്- നിമി സിലബസ് അനുസരിച്ച് SMILE Portal-ൽ പരമാവധി Content കൾ അപ്‌ലോഡ് ചെയ്യണം. പ്രാക്ടിക്കൽ പരിശീലനം കഴിഞ്ഞു സ്കിൽ വെളിപ്പെടുത്തുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വിധത്തിൽ ട്രെയിനികളെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രാക്ടിക്കൽ നടത്തുന്നതിന് ആവശ്യമായ കൺസ്യൂമബിൾസിന്റെ ദൗർലഭ്യമുണ്ടെങ്കിൽ പരിശോധിച്ച് ആയത് സംഭരിക്കുന്നതിന് പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കണം. ഐ.ടി.ഐകളിലെ വർക്ക്ഷോപ്പുകളിലെ മെഷിനറികൾ കൃത്യമായി മെയിന്റെയ്ൻ ചെയ്യുന്നതിൽ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കണം. റീജിയനുകളിൽ മെയിന്റനൻസ് സെൽ രൂപീകരിക്കുന്നതിന് പ്രാപ്തരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഐ.ടി മാർ ബുധനാഴ്ച്ചക്കകം ആവശ്യപ്പെട്ട ലിസ്റ്റ് അയച്ചുതരേണ്ടതാണ്. ഐ.ടി.ഐകളിൽ ഹാജരായി തിയറി/പ്രാക്ടിക്കൽ വീഡിയോ തയ്യാറാക്കുന്നതിന് പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണം. SMILE Portal-ൽഓരോ ട്രേഡ് ന്റെയും പരമാവ ധി വീഡിയോ അപ്‌ലോഡ് ചെയ്യുന്നതിന് ടീം ഹെഡ് ശ്രദ്ധിക്കേണ്ടതാണ്
2. ഇൻഡസ്ട്രി ഇന്ററാക്ഷൻ ആൻഡ് പ്ലേസ്മെന്റ്- വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ട്രെയിനികൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് ഇൻസ്ട്രക്ടർമാർ ശ്രദ്ധിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. Dual System of Training എത്രയും വേഗം നടപ്പിലാക്കണമെന്നും ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. വ്യവസായ സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് ട്രെയിനികൾക്ക് പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിന് അതാത് ട്രേഡുകളിലെ ഇൻസ്ട്രക്ടർമാർ നടപടി സ്വീകരിക്കണം.

**3.** ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ആന്റ് ഫണ്ട് യൂട്ടിലൈസേഷൻ- ലോക് ഡൗണിനുശേഷം ഐ.ടി.ഐകൾ തുറന്നു പ്രവർത്തിക്കുമ്പോൾ ഐ.ടി.ഐകളിൽ തെർമൽ സ്കാനർ (കുറഞ്ഞത് 2 എണ്ണം), ഐ.ടി.ഐകളുടെ പ്രവേശന കവാടത്തിൽ ട്രെയിനികൾക്കും, ജീവനക്കാർക്കുമായി സോപ്പ്/ ഹാൻഡ് വാഷ്/ സാനിറ്റൈസർ എന്നിവ ക്രമീകരിക്കുന്നതിന് പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കണം. തെർമൽ സ്കാനറുകൾ GEM Portal- വഴി സംഭരിക്കാൻ പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണം. ഇതിനു വേണ്ട ചെലവ് പി.ടി.എ ഫണ്ടിൽ നിന്നോ, മെയിന്റനൻസ് ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്. കൂടാതെ ഐ.ടി.ഐകൾ അണുവിമുക്തമാക്കുന്നതിന് സ്പ്രെയർ വാങ്ങുന്നതിനും നടപടി സ്വീകരിക്കണം. ഇതിലേയ്ക്ക് വേണ്ട ചെലവും പി.ടി.എ ഫണ്ടിൽ നിന്നോ, മെയിന്റനൻസ് ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്. ആയതിൽ ഫണ്ട് ലഭ്യമല്ലായെങ്കിൽ ആയതിനുള്ള അനുമതിക്കായി ഡയറക്ടറേറ്റിൽ ശുപാർശ സമർപ്പിക്കണം. 40

ട്രെയിനികൾക്ക് ഒരു വാട്ടർ ടാപ്പ് എന്ന ക്രമത്തിൽ ടാപ്പുകൾ ഐ.ടി.ഐ കോമ്പൗണ്ടിൽ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം.

**4.** ഹരിത കാമ്പസ് - ഹരിതകേരള മിഷനുമായി സഹകരിച്ച് ഐടിഐ കളെ ഹരിത കാമ്പസാക്കി മാറ്റുന്നതിനുള്ള നടപടി പ്രിൻസിപ്പാൾമാർ ത്വരിതപ്പെടുത്താവുന്നതാണ്.

**5.** ഓഡിറ്റ് – ഓഡിറ്റ് ക്വറികൾക്കുള്ള ക്ലാരിഫിക്കേഷൻ പ്രിൻസിപ്പാൾമാർ ഒരാഴ്ചക്കകം ഡയറക്ടറേറ്റിൽ ലഭ്യമാക്കണം.

**6.** പർച്ചേസ്- അടുത്ത വർഷത്തേയ്ക്കുള്ള ഉപകരണ സംഭരണത്തിനായി ലഭ്യമാക്കിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ ഉപകരണ സംഭരണത്തിന്റെ വിവരം തിങ്കളാഴ്ച്ചക്കം പ്രിൻസിപ്പാൾമാർ ലഭ്യമാക്കണം.

**7. Young Innovators Programme**- YIP പദ്ധതിയിൽ പങ്കെടുക്കുന്ന ട്രെയിനികൾക്ക് ആവശ്യം വേണ്ട മാർഗ നിർദേശങ്ങൾ പ്രിൻസിപ്പാൾ മാർ ഉറപ്പ വരുത്തേണ്ടതാണ്.

**8.** ന്യൂട്രീഷ്യൻ പ്രോഗ്രാം- കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെടേണ്ടതും ഐ.ടി.ഐകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്ന ദിവസം തന്നെ ന്യൂട്രീഷ്യൻ പ്രോഗ്രാം ആരംഭിക്കുന്നതിന് പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണം.

**9.** ഐ.എം.സി – എല്ലാ ഐ.ടി.ഐകളിലും ഐ.എം.സി രൂപീകരിക്കുന്നതിന് പ്രിൻസിപ്പാൾമാർ സത്വര നടപടി സ്വീകരിക്കണം. ഇതിലുണ്ടാകുന്ന വീഴ്ച ഗൗരവമായി കാണുന്നതാണ്.

**10.** ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനം – ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിന് പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഐടിഐ കളിലെ അക്കാദമിക് വർഷം ജൂലൈ യിൽ അവസാനിച്ചതിനാലും, ഐടിഐ കളിൽ പ്രാക്ടിക്കൽ ട്രെയിനിംഗ് നല്കാൻ കഴിയാത്ത സാഹചര്യത്തിലും ഗസ്റ്റ് ഇന്സ്ട്രടർമാരുടെ സേവനം പ്രാക്ടിക്കൽ ആരംഭിക്കുമ്പോൾ ലഭ്യമാക്കിയാൽ മതിയാകും.

**11.** ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വിതരണം- ട്രെയിനികൾക്ക് ടി.സി നൽകുമ്പോൾ ഇനി പൂർത്തിയാക്കുവാനുള്ള ട്രെയിനിംഗ്, ക്ലാസ് ആരംഭിക്കുമ്പോൾ പൂർത്തിയാക്കി മാത്രമേ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാൻ കഴിയൂ എന്ന സത്യവാങ്മൂലം പ്രിൻസിപ്പാൾമാർ വാങ്ങണം. ഇപ്പോൾ കോഴ്സ് കംപ്ലീറ്റഡ് എന്ന സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ല. 'ആവശ്യപ്രകാരം' എന്ന വ്യവസ്ഥയിൽ മാത്രം ടി.സി. നൽകാവുന്നതാണ്.

**12.** ട്രെയിനികളുടെ സ്റ്റൈപ്പന്റ്- ട്രെയിനികൾക്കുള്ള ജനറൽ സ്റ്റൈപ്പന്റ് മാർച്ച് മാസം 2020

വരെ ഇപ്പോൾ നൽകുക. തുടർന്ന് സർക്കാരിൽ നിന്നുള്ള നിർദ്ദേശം വന്നതിനുശേഷം നൽകിയാൽ മതിയാകും.

**13.** സ്കിൽ രെജിസ്റ്ററി- പരമാവധി സർവീസ് പ്രൊവൈഡർമാരെ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള നടപടികളിൽ ഇൻസ്ട്രക്ടർമാരുടെ സഹായത്തോടെ എല്ലാ പ്രിൻസിപ്പാൾമാരും പങ്കാളികളാകേണ്ടതാണ്. രെജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ഐ ടി ഐ യുടേയും പരിധിയിൽ വരുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ അംഗങ്ങളുമായി ഓൺലൈൻ ആയി മീറ്റിംഗ് സംഘടിപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർ